ഗങ്ങളിൽപ്പെടുന്നു. ഇരുപത്തിമൂന്നു പാട്ടുകൾ അടങ്ങിയ ഒരു കൃതിയാണ് കണ്ണൻപാട്ട്. 'പാഞ്ചാലീശപഥം' എഴുപത്തിമൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒമ്പതു് ഭാഗങ്ങളടങ്ങിയതാണ് 'കുയിൽ'. ഇവ 'മുപ്പെരും കാവ്യങ്ങൾ' എന്ന് അറിയപ്പെടുന്നു.

9 ഫെബ്രുവരി, 1982

# 91. കൃഷ്ണസ്വാമി റെഡ്യാർ

'കുങ്കുമ'ത്തിന്റെ സ്ഥാപകനും ഉടമസ്ഥനും മാനേജിങ് എഡിറ്ററുമായിരുന്ന ആർ. കൃഷ്ണസ്വാമി റെഡ്യാർ ആഗസ്റ്റ് 20-ാം തീയതി അന്തരിച്ചു. ഏതാനും മാസങ്ങളായി തന്റെ കാഴ്ചശക്തിയെ ഗണ്യമായി ദുർബലപ്പെടുത്തിയിരുന്ന തിമിരരോഗത്തിന് ഫലപ്രദമായ ശസ്ത്രക്രിയ നിർവഹിച്ച ശേഷം, തികഞ്ഞ ആരോഗ്യത്തോടെ അദ്ദേഹം അമേരിക്കയിൽനിന്നു തിരിച്ചെത്തിയിട്ട് ആറു ദിവസങ്ങളേ ആയിരുന്നുള്ളൂ. ഇപ്പോൾത്തന്നെ വ്യത്യസ്താഭിരുചികളെ തൃപ്തിപ്പെടുത്തുന്ന ഒമ്പതു് ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുന്ന തന്റെ പത്രസ്ഥാപനത്തെ കൂടുതൽ വികസിപ്പിക്കുന്നതിനും വൈവിധ്യവല്ക്കരിക്കുന്നതിനുമുള്ള പല പദ്ധതികളും ആസൂത്രണം ചെയ്യുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. തികച്ചും അപ്രതീക്ഷിതമായിരുന്ന രോഗബാധയിൽ സ്പന്ദനരഹിതമാകുന്നതിന് ഏതാനും മണിക്കൂറുകൾ മുമ്പുവരെയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നതു് ഈ പത്രസ്ഥാപനത്തെ സംബന്ധിച്ച ചിന്തകളായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം കേരളശബ്ദം–കുങ്കുമം പത്രകുടുംബം അനാഥമായിരിക്കുന്നു.

സാധാരണ പറയാറുള്ളതുപോലെ, ഈ പത്രകുടുംബത്തിന്റെ 'നെടുംതൂണ്' മാത്രമായിരുന്നില്ല കൃഷ്ണസ്വാമി റെഡ്യാർ. അതിന്റെ അടിത്തറയും ഭിത്തികളും മേൽപ്പുരയും അദ്ദേഹമായിരുന്നു; അതിലുപരി, ആ കുടുംബത്തിൽനിന്നു പ്രസരിച്ചിരുന്ന ചൈതന്യവും കർമശേഷിയും, അതു വായനക്കാർക്കു നൽകിപ്പോന്ന പ്രസാദവും മാധുര്യവും, വിജ്ഞാനവും വിനോദവും എല്ലാം അദ്ദേഹത്തിന്റേതായിരുന്നു. ഈ പത്രകുടുംബം സ്ഥാപിച്ചു നടത്തുന്നതിനാവശ്യമായ മൂലധനം നൽകുക മാത്രമല്ല അദ്ദേഹം ചെയ്തതു്. ഈ സ്ഥാപനത്തെ പൂർണമായും ആസൂത്രണം ചെയ്തു വളർത്തിയതു് കൃഷ്ണസ്വാമി റെഡ്യാർതന്നെയാണ്. അതിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഓരോ വിശദാംശത്തിലും അദ്ദേഹത്തിന്റെ സൂക്ഷ്മശ്രദ്ധ വ്യാപരിച്ചിരുന്നു. ചുരുക്കത്തിൽ, കൃഷ്ണസ്വാമി റെഡ്യാരുടെ വ്യക്തിത്വത്തിന്റെ ഏറെക്കുറെ സമഗ്രവും മൂർത്തവുമായ പ്രൊജക്ഷൻ (പുരഃക്ഷേപണം) ആയിരുന്നു ഈ പത്രകുടുംബം.

'ഏറെക്കുറെ സമഗ്രം' എന്നു പറഞ്ഞതു് കാരണമില്ലാതെയല്ല. അത്ഭുതാവഹമാംവിധം ബഹുമുഖമായിരുന്നു കൃഷ്ണസ്വാമി റെഡ്യാരുടെ വ്യക്തിത്വം. അതു പൂർണമായും ഏതെങ്കിലുമൊരു പ്രവർത്തനമണ്ഡലത്തിൽ ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. 'വലിയ മനുഷ്യൻ' എന്ന് അക്ഷരാർത്ഥത്തിലും ആലങ്കാരികാർത്ഥത്തിലും ആളുകൾ അദ്ദേഹത്തെ വിവരിച്ചു വന്നതിൽ അതിശയോക്തിയില്ല. പല ദിശകളിലേക്കുള്ള വളർച്ചകളുടെ സമന്വയമായിരുന്നു അദ്ദേഹത്തിന്റെ 'വലിപ്പം'. ആന്ധ്രപ്രദേശത്തുനിന്ന് എത്രയോ തലമുറകൾ മുമ്പ് തമിഴ്നാട്ടിൽ കുടിയേറിപ്പാർത്ത അദ്ദേഹത്തിന്റെ മാതൃഭാഷ തെലുങ്ക് ആയിരുന്നു; വിദ്യാഭ്യാസഭാഷ തമിഴും.

പക്ഷേ, മലയാളഭാഷയുടെ വികാസത്തിനാണ് അദ്ദേഹം തന്റെ ജീവിതത്തിലെ സുപ്രധാന വർഷങ്ങൾ ചെലവഴിച്ചത്.

കൃഷ്ണസ്വാമി റെഡ്യാരുടെ പിതാവായ രാമാനുജ റെഡ്യാർ ഒരു കർഷകനായിരുന്നു. പൈതൃകമായി ലഭിച്ച കൃഷിയിലുള്ള താല്പര്യം അവസാന നാളുകൾവരെ കൃഷ്ണസ്വാമി റെഡ്യാർ പുലർത്തിപ്പോന്നു. അദ്ദേഹത്തിന്റെ ഒരു കുടുംബാംഗമായിരുന്നു മദ്രാസ് സർവകലാശാലയിൽ തമിഴ് വകുപ്പിൽ റീഡർ ആയിരുന്ന മഹാപണ്ഡിതനായ വെങ്കടരാജുലു റെഡ്യാർ. തമിഴിലെന്നപോലെ കന്നഡം, തെലുങ്ക്, മലയാളം എന്നീ ഭാഷകളിലും വെങ്കടരാജുലു റെഡ്യാർക്ക് അഗാധമായ അവഗാഹം ഉണ്ടായിരുന്നു. പാണ്ഡിത്യത്തിന്റെ ഗരിമയും ജീവിതത്തിന്റെ എളിമയും ഒരുപോലെ മാതൃകയായിരുന്ന ഈ കാരണവരോടുള്ള ആദരത്തിൽനിന്നായിരിക്കാം, ഏതു മണ്ഡലത്തിലുമുള്ള വിദ്വത്വത്തെയും ഹൃദയപൂർവം ആദരിക്കുന്ന കൃഷ്ണസ്വാമി റെഡ്യാരുടെ സ്വഭാവം രൂപംകൊണ്ടത്. മാതുലനും ശ്വശുരനുമായ കുമാരസ്വാമി റെഡ്യാരുടെ സഹായത്തോടെ കേരളത്തിൽ കച്ചവടത്തിൽ പ്രവേശിച്ച കൃഷ്ണസ്വാമി റെഡ്യാർ രണ്ടു പതിറ്റാണ്ടിനകം വസ്ത്രവ്യാപാരരംഗത്തെ ആധുനീകരിക്കുകയും അതിൽ അത്ഭുതാവഹമായ വിജയം കൈവരിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ സൃഷ്ടിപരങ്ങളായ ഘടകങ്ങൾക്കു തൃപ്തി നൽകാൻ വാണിജ്യം പര്യാപ്തമായിരുന്നില്ല. വിനിമയത്തേക്കാൾ നിർമാണത്തിലായിരുന്നു അദ്ദേഹത്തിനു താല്പര്യം. അങ്ങനെ അദ്ദേഹം വ്യാപാരരംഗത്തിൽനിന്ന് വ്യവസായരംഗത്തിലേക്കു ചുവടു മാററി. വ്യവസായ രംഗത്തിലും മററുള്ളവർ ചെയ്തുകാണിച്ചതു് ആവർത്തിക്കുന്നതിനല്ല, പുതിയ വഴിത്താരകൾ സ്വയം തുറക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചത്. ഇന്ത്യയുടെ ഇന്നത്തെ പരിസ്ഥിതിയിൽ ഇത്തരം പരിശ്രമങ്ങൾക്കു ഫലസിദ്ധി കൈവരാൻ സാദ്ധ്യത തുലോം കുറവാണ്. മൗലികത്വത്തെക്കാൾ ഗതാനുഗതികത്വത്തിനാണല്ലോ നമ്മുടെ സമൂഹത്തിൽ വിജയം കണ്ടുവരുന്നത്. എങ്കിലും തന്റെ പരാജയങ്ങളെ എങ്ങനെ വിജയങ്ങളാക്കി മാററാമെന്ന് കൃഷ്ണസ്വാമി റെഡ്യാർക്ക് അറിയാമായിരുന്നു. വരുമാനത്തിന്റെ ഗണനീയമായ ഒരു ഭാഗം ഗവേഷണത്തിനും വികാസത്തിനും (റിസർച്ച് ആൻഡ് ഡവലപ്പ്മെൻറ്) വേണ്ടി ചെലവഴിക്കുന്നതു് വ്യവസായത്തിന്റെ പുരോഗതിക്ക് അനപേക്ഷണീയമാണെന്ന ബോധം അദ്ദേഹത്തിൽ എന്നേ വേരുറച്ചിരുന്നു.

ഉപഭോഗ വസ്തുക്കളുടെ നിർമാണത്തിലും വിപണനത്തിലുമുള്ള വൈദഗ്ദ്ധ്യത്തോട്, വിജ്ഞാനതൃഷ്ണയേയും വിദ്യാവിതരണത്തിലുള്ള താല്പര്യത്തേയും കൂട്ടിയിണക്കാൻ കൃഷ്ണസ്വാമി റെഡ്യാർക്ക് അവസരം നൽകിയതു് പത്രപ്രവർത്തനമാണ്. 1962-ൽ 'കേരളശബ്ദ'ത്തിന്റെ ഉടമ ഏറെറടുത്തപ്പോൾ അദ്ദേഹം അത്രയൊന്നും ഉദ്ദേശിച്ചിരിക്കയില്ലെങ്കിലും, തന്റെ വ്യക്തിത്വത്തിലെ ഏററവും അഗാധങ്ങളും ഏററവും മൂല്യവത്തുക്കളുമായ ചില ഘടകങ്ങൾക്കു സാക്ഷാത്കാരവും സാഫല്യവും നൽകുന്നതു് പത്രപ്രവർത്തനമാണെന്ന് അനുഭവത്തിലൂടെ അദ്ദേഹം പിന്നീടു മനസ്സിലാക്കിയിരിക്കണം. മൂന്നു വർഷം കഴിഞ്ഞു് 1965-ൽ കൃഷ്ണസ്വാമി റെഡ്യാർ ആരംഭിച്ച 'കുങ്കുമം' അദ്ദേഹത്തിന്റെ ആന്തരവ്യക്തിത്വത്തിനു പ്രതിഫലനം നൽകുന്ന ഒരു ആനുകാലികമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥിരസ്വഭാവമായ പ്രസാദാത്മകതയും, നർമബോധവും, ഔദാര്യവും, സംസ്കാരവും, വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലുള്ള ഔന്മുഖ്യവും, അടങ്ങാത്ത ജിജ്ഞാസയും, സമീപിക്കുന്നവർക്ക് ആവേശവും ആശ്വാസവും പകരുന്നതിനുള്ള അസാധാരണമായ കഴിവും, എല്ലാം 'കുങ്കുമ'ത്തിൽ ഒരളവോളമെങ്കിലും നിഴലിച്ചു കാണുന്നുണ്ടെന്നാണ് എന്റെ

വിശ്വാസം. വൈക്കം ചന്ദ്രശേഖരൻനായരേയും പി. സി. കുട്ടികൃഷ്ണനേയും (ഉറൂബ്) പോലെ, വ്യതിരിക്തവും ഊർജസ്വലവുമായ വ്യക്തിത്വമുള്ള പത്രാധിപന്മാരുടെ കീഴിലായിരുന്നപ്പോഴും, 'കുങ്കമ'ത്തിൽ ഉടനീളം തുടിച്ചുനിന്നതു് കൃഷ്ണസ്വാമി റെഡ്യാരുടെ തനതായ വ്യക്തിത്വമായിരുന്നു. തന്റെ പത്രകുടുംബത്തിൽ കൃഷ്ണസ്വാമി റെഡ്യാരുടെ സവിശേഷ വാത്സല്യത്തിനു പാത്രമായിരുന്നതും 'കുങ്കമ'മാണെന്നതു് ഒരു വസ്തുത മാത്രമാകുന്നു.

അതേസമയം 'കുങ്കമ'ത്തിന്റെ ദൈനന്ദിന പ്രവർത്തനത്തിൽ കൃഷ്ണസ്വാമി റെഡ്യാർ ഒരിക്കലെങ്കിലും ഇടപെട്ടിട്ടുള്ളതായി എനിക്കു് അനുഭവമില്ല. എന്റെ പൂർവഗാമികൾക്കും ഈ അനുഭവം ഉണ്ടായിട്ടുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല പത്രത്തിന്റെ നടത്തിപ്പിനു് ഒരാളെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ, പിന്നീടു് അയാളുടെ വിവേചനത്തിലും സ്വാതന്ത്ര്യത്തിലും കൈയിടുന്ന ഒരാളായിരുന്നില്ല ഈ പത്രമുടമ. തന്റെ ഉടമയിലുള്ള പത്രങ്ങളിൽ കൃഷ്ണസ്വാമി റെഡ്യാരുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രതിഫലിച്ചിരുന്നുവെങ്കിൽ അതു് ഒരിക്കലും നേരിട്ടുള്ള ഇടപെടലിലൂടെയായിരുന്നില്ല. അദ്ദേഹത്തിന്റെ ചലനാത്മകമായ സാന്നിദ്ധ്യം, ആ വ്യക്തിത്വത്തിന്റെ പ്രഭാവത്തെ അദ്ദേഹത്തിന്റെ ആനുകാലികങ്ങളിൽ അനിവാര്യമാക്കിത്തീർത്തുവെന്നു മാത്രം. ആനുകാലികങ്ങളുടെ നിർമാണവും വിപണനവും സംബന്ധിച്ച വിശദാംശങ്ങൾ അദ്ദേഹം, ഏറെക്കുറെ നിരന്തരമായിത്തന്നെ അവയുടെ പ്രവർത്തകരുമായി ചർച്ച ചെയ്തിരുന്നു. എടുത്തു പറയത്തക്ക എന്തെങ്കിലും ഗുണമോ ദോഷമോ ഒരു ലക്കത്തിൽ കണ്ടാൽ അതിനെപ്പററി അദ്ദേഹം അവരോടു പറയുകയും ചെയ്യുമായിരുന്നു. എങ്കിലും, എന്തു് എഴുതണമെന്നോ എന്തു് എഴുതാതിരിക്കണമെന്നോ, എന്തു് പ്രസിദ്ധപ്പെടുത്തണമെന്നോ എന്തു് പ്രസിദ്ധപ്പെടുത്താതിരിക്കണമെന്നോ, ഒരിക്കലെങ്കിലും എന്നോടു് അദ്ദേഹം പറയുകയുണ്ടായിട്ടില്ല. 'കുങ്കമ'ത്തിലും ഈ കുടുംബത്തിലെ മററു് ആനുകാലികങ്ങളിലും ഞാൻ എഴുതിയിട്ടുള്ളതു് എന്തും അച്ചടിച്ചു പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ ഈ പത്രമുടമ വായിച്ചുനോക്കിയിട്ടുള്ളു. ഏതെങ്കിലുമൊരു കാര്യത്തിൽ, 'ഇതു വേണ്ടായിരുന്നു' എന്നു് കൃഷ്ണസ്വാമി റെഡ്യാർ എന്നോടു പറഞ്ഞിട്ടില്ല എന്റെ മുൻഗാമികളുടേയും സഹപ്രവർത്തകരുടേയും അനുഭവവും ഇതുതന്നെയായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

ശുദ്ധസാഹിത്യം ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ടെങ്കിലും, ആനുകാലികം മുഴുവൻ 'ശുദ്ധസാഹിത്യ'മാവുമെന്നു പ്രതീക്ഷിച്ചുകൂടല്ലോ. വിവരങ്ങൾ നൽകലും ആവേശംപകരലും ആഹ്ലാദമരുളലും ആനുകാലികങ്ങളുടെ കടമകളിൽപ്പെടുന്നു. ഈ മൂന്നു ലക്ഷ്യങ്ങളും സന്തുലിതമായ രീതിയിൽ 'കുങ്കമം' നിർവഹിക്കണമെന്നായിരുന്നു കൃഷ്ണസ്വാമി റെഡ്യാരുടെ ആഗ്രഹം. സാഹിത്യസാധനകൊണ്ടു് ബുദ്ധിക്കു പക്വത വന്നവരായിരിക്കാം ഓരോ ആനുകാലികത്തിന്റേയും വായനക്കാരിൽ കുറേപ്പേർ. അതേസമയം, വളരെയൊന്നും വായിച്ചറിവില്ലാത്ത വിനോദമാത്രാന്വേഷകരും വായനക്കാരുടെ കൂട്ടത്തിൽ ഏറെയുണ്ടായിരിക്കും; ഉണ്ടായിരിക്കുകയും വേണം. ഈ രണ്ടുകൂട്ടർക്കുമിടയിൽ, എത്രയോ വ്യത്യസ്തങ്ങളായ നിലവാരങ്ങളും ധാരണകളും പുലർത്തുന്നവരായിരിക്കും അധികം വായനക്കാരും. ചുരുക്കത്തിൽ, ഓരോ വായനക്കാരന്റേയും (വായനക്കാരിയുടേയും) അഭിരുചി മററുള്ളവരുടേതിൽനിന്നു തികച്ചും വ്യത്യസ്തമായിരിക്കും. ഇവർക്കൊക്കെ കുറച്ചെങ്കിലും സംതൃപ്തി നൽകുന്നതിനു് രണ്ടു വികല്പങ്ങളിലൊന്നാണു് ആനുകാലികങ്ങൾ സാധാരണയായി കൈക്കൊണ്ടുവരുന്നതു്. ഒന്നുകിൽ, പ്രകാശിപ്പിക്കുന്ന കൃതികളെല്ലാം തന്നെ വായനക്കാരുടെ ശരാശരി നിലവാരത്തിൽ അല്പം താഴെയായിരി

ക്കമെന്നു് ഉറപ്പുവരുത്താം. അല്ലെങ്കിൽ പല നിലവാരങ്ങളിലുള്ള രചനകളുടെ ഉചിതമായ ഒരു ചേരുവ ഉള്ളടക്കത്തിൽ നിലനിറുത്താം. ഇതിൽ രണ്ടാമത്തെ വികല്പമാണു് 'കുങ്കുമം' അനുവർത്തിച്ചുപോന്നിട്ടുള്ളതു്. 'കുങ്കുമ'ത്തിന്റെ ഈ പ്രവർത്തനരീതിയിൽ ആക്ഷേപമുള്ളവരുണ്ടാവാം. 'നിലവാരം താഴ്ന്നുപോകുന്നു' എന്നു് ഒരുവശത്തുനിന്നും, 'ഞങ്ങൾക്കു മനസ്സിലാവുന്നില്ല' എന്നു് മറുവശത്തുനിന്നും പ്രതിഷേധങ്ങൾ ഞങ്ങൾ കേൾക്കാറുണ്ടു്. പക്ഷേ, ബഹുജനപ്രീതിയും ഉയർന്ന കലാമാനദണ്ഡങ്ങളും ഒരേസമയം ലക്ഷ്യമാക്കുന്ന ഒരു ആനുകാലികത്തിന്റെ അനിവാര്യമായ വിധിയാണിതു്. കൃഷ്ണസ്വാമിറെഡ്യാർ ഇതു തികച്ചും മനസ്സിലാക്കിയിരുന്നു. അഭിനന്ദനങ്ങളും ആക്ഷേപങ്ങളും ഒരു നിശ്ചിതാനുപാതത്തിൽ കലർന്നു ലഭിക്കുമ്പോൾ താൻ തിരഞ്ഞെടുത്ത വഴി ശരിയാണെന്ന സംതൃപ്തി അദ്ദേഹത്തിൽ പുഞ്ചിരിയായി വിരിയാറുണ്ടായിരുന്നു.

വാക്കുകളിൽ ഒതുക്കാവുന്ന ഒന്നല്ല കൃഷ്ണസ്വാമി റെഡ്യാരുമായി എനിക്കുണ്ടായിരുന്ന വൈയക്തികബന്ധം. മലയാളവൃത്തങ്ങളുടെ ഒരു ചരിത്രം എഴുതുന്നതിനുള്ള ഗവേഷണത്തിലേർപ്പെട്ടു് ഞാൻ മധുരയിൽ താമസിച്ചിരുന്നപ്പോഴാണു്, കൃഷ്ണസ്വാമിറെഡ്യാരുടെ നിർദേശപ്രകാരം 'കുങ്കുമ'ത്തിന്റെ അന്നത്തെ പത്രാധിപരായിരുന്ന പി. സി. കുട്ടികൃഷ്ണനും മാനേജർ ശ്രീ എം. സി. വാസുദേവനും അവിടെ വന്നു് എന്നെ 'കുങ്കുമ'ത്തിലേക്കു ക്ഷണിച്ചതു്. ഒരു വ്യക്തിയുടെ ഉടമയിലുള്ള ഒരു പത്രത്തിൽ പത്രാധിപർക്കു് എത്രമാത്രം പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരിക്കുമെന്ന കാര്യത്തിൽ ആശങ്കയുണ്ടായിരുന്നുവെങ്കിലും, പി. സി. യുടെ നിർബന്ധം നിരസിക്കുക അസാദ്ധ്യമായിരുന്നതിനാൽ, അദ്ദേഹത്തെ പിൻതുടർന്നു്, 'കുങ്കുമ'ത്തിന്റെ പത്രാധിപത്യം ഞാൻ കൈയേററു. അങ്ങനെയാണു് എന്റെ ജീവിതത്തിലെ അമൂല്യാനുഭവങ്ങളിലൊന്നായ കൃഷ്ണസ്വാമി റെഡ്യാരുടെ സൗഹാർദം എനിക്കു കൈവന്നതു്. ഇടയ്ക്കു് രണ്ടു വർഷം ഞാൻ വിട്ടുപോയപ്പോഴും 'കുങ്കുമം' മുഖ്യ പത്രാധിപരുടെ കസേര എനിക്കുവേണ്ടി ഒഴിച്ചിടുകയാണു് കൃഷ്ണസ്വാമി റെഡ്യാർ ചെയ്തതു്. അദ്ദേഹത്തോടൊരുമിച്ചു കഴിച്ചുകൂട്ടിയ എത്രയോ ദിവസങ്ങളുടെ മധുരസ്മരണകൾ എന്റെ ഹൃദയത്തിൽ ആഹ്ലാദം നിറയ്ക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ വിശാലമായ ലോകപരിചയവും പ്രായോഗിക വിവേകവും എനിക്കു് എന്നും അത്ഭുതമായിരുന്നു. തികച്ചും വ്യത്യസ്ത നിലകളിലുള്ള വ്യക്തികളുമായി ഏകരൂപമായ സൗഹാർദഭാവനയോടെ പെരുമാറുന്നതിനും, പഴയ സ്നേഹബന്ധങ്ങളെ നിത്യഹരിതങ്ങളായി നിലനിറുത്തുന്നതിനുമുള്ള റെഡ്യാരുടെ കഴിവു്, ഇതേ തോതിൽ, കെ. പി. കേശവമേനോനിൽ മാത്രമേ ഞാൻ കണ്ടിട്ടുള്ളു.

മരണത്തിനു് ആറു ദിവസം മുമ്പു് അമേരിക്കയിൽനിന്നു മടങ്ങി വരുമ്പോൾ തന്റെ പത്രകുടുംബത്തിനു് ഒരു അന്തിമ സമ്മാനം കൃഷ്ണസ്വാമി റെഡ്യാർ കൈയിൽ കരുതിയിരുന്നു—പാസ്റ്റിക്കൊണ്ടുള്ള ഒരു വലിയ ഭൂഗോളം. എവിടെയെങ്കിലും മുട്ടുകയോ ഭാരം കയററിവെക്കുകയോ ചെയ്താൽ ഞെണുങ്ങി കേടുവരുമെന്നു ഭയന്നു് അദ്ദേഹം വിമാനത്തിൽ അതു തന്റെ മടിയിൽ സൂക്ഷിച്ചുവെച്ചിരിക്കുകയായിരുന്നുവെന്നു് സഹയാത്രികർ പറഞ്ഞു് അറിയാൻ കഴിഞ്ഞു. ഈ ഭൂഗോളം ആപ്പീസിൽ അദ്ദേഹത്തിന്റെ മേശപ്പുറത്തുണ്ടു്. അതു് അവിടെ എന്നും ഇരിക്കുമെന്നും, അദ്ദേഹത്തിന്റെ പത്രകുടുംബത്തിലെ എന്റെ സഹപ്രവർത്തകർ എന്നും അതിൽനിന്നു് ആവേശം ഉൾക്കൊള്ളുമെന്നും ഞാൻ ആശിക്കുന്നു. ഒരു ഭൂഗോളംപോലെ ഉചിതമായ ഒരു സമ്മാനം. ഒരു പത്രകുടുംബത്തിനു് മറെറന്തുണ്ടു്? അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ, ബോസ്റ്റണിലെ സുപ്രസിദ്ധമായ 'ക്രിസ്ത്യൻ സയൻസ് മോണിററർ' എന്ന പത്രത്തി

ന്റെ ആപ്പീസിലുള്ള പ്രായം തേച്ച ചില്ലുകൊണ്ടു നിർമിച്ച, അതിവിപുലമായ ഭൂഗോളത്തെ ഈ സന്ദർഭത്തിൽ ഞാൻ ഓർമിക്കുന്നു. കാൽ നൂററാണ്ടു മുമ്പ് 'ക്രിസ്ത്യൻ സയൻസ് മോണിററി'ൽ അതിഥിയായിച്ചെന്ന എന്നെ ആതിഥേയർ ഈ ഭൂഗോളത്തിന്റെ ഉള്ളിൽ കയററി, ഒത്ത മദ്ധ്യത്തിൽ കൊണ്ടുചെന്നു നിറുത്തി. അവിടെ നിന്നുകൊണ്ട് ഭൂമിയുടെ എല്ലാ ഭാഗങ്ങളും ഒരു നിമിഷത്തിൽ ഞാൻ നോക്കിക്കണ്ടു. ഓരോ പത്രപ്രവർത്തകനും ചെയ്യേണ്ടതു് ഇതാണല്ലോ. കേന്ദ്രത്തിൽ നിന്നുകൊണ്ട് ലോകത്തെ മുഴുവൻ നോക്കിക്കാണുക; ലോകത്തിൽ തന്റെ ജനതയുടെ, സ്ഥാനം നിരന്തരമായി തിട്ടപ്പെടുത്തുക! ഭൂമിയും അതിലെ ഓരോ വ്യത്യസ്ത രാഷ്ട്രീയ ഘടകവും തമ്മിൽ, മനുഷ്യസമൂഹവും അതിലെ ഓരോ വ്യതിരിക്ത വ്യക്തിയും തമ്മിൽ, ഉള്ള നിത്യ പരിവർത്തമാനമായ ബന്ധത്തെ നിരന്തരം നിർവചിച്ചുകൊണ്ടിരിക്കുകയെന്നല്ലേ പത്രപ്രവർത്തനത്തിന്റെ മഹത്തായ ദൗത്യം? വ്യക്തികളെ കേന്ദ്രമാക്കിയുള്ള വാർത്തകൾ കുറിക്കുമ്പോഴും അവയെ വിമർശിക്കുമ്പോഴും, വ്യക്തികൾക്കു പിന്നിലുള്ള സമഷ്ടിയുടെ അകന്നകന്നുപോകുന്ന വിവിധ ചക്രവാളങ്ങളുടെ പശ്ചാത്തലം മറക്കാതിരിക്കലല്ലേ മഹത്തായ പത്രപ്രവർത്തനം?

കൃഷ്ണസ്വാമി റെഡ്യാർ സ്വന്തം പത്രകുടുംബത്തിന് തന്റെ അന്തിമ സമ്മാനത്തിലൂടെ നൽകിയ അവിസ്മരണീയമായ സന്ദേശം ഇതാണെന്ന് ഞാൻ കരുതുന്നു.

25 ആഗസ്റ്റ്, 1982

# 92. വി. ടി. ഭട്ടതിരിപ്പാട്

വി. ടി. രാമൻ ഭട്ടതിരിപ്പാടിന്റെ നിര്യാണത്തോടെ, കേരളത്തിൽ ഗാന്ധിയുഗത്തിന്റെ അവസാനപ്രതിനിധികളിൽ ഒരാൾകൂടി കാലയവനികയ്ക്കുള്ളിൽ അന്തർധാനം ചെയ്തിരിക്കുന്നു.

മണ്ണിൽനിന്നു മനുഷ്യനെ മെനഞ്ഞെടുത്തതാണ് ഗാന്ധിജിയുടെ മഹത്ത്വം എന്നു പറയാറുണ്ട്. ഗാന്ധിജി മണ്ണിൽനിന്നു മെനഞ്ഞെടുത്ത മനുഷ്യരുടെ ഉത്തമ മാതൃകകളിലൊന്നായിരുന്നു വി.ടി.

'മുമ്പോട്ടു കാലം കടന്നുപോയീടാതെ
മുമ്പേ സ്മൃതികളാൽ കോട്ട കെട്ടി
വമ്പാർന്നനാചാര മണ്ഡല ചത്വരായ്''

നാടുവാഴുന്ന നമ്പൂരാരെപ്പററി കുമാരനാശാൻ എഴുതുമ്പോൾ വി. ടി. ക്കു പൂർണ യൗവനം കൈവന്നിരുന്നു. നമ്പൂതിരിമാർക്കിടയിൽത്തന്നെയുണ്ടായിരുന്നു പല ഉച്ചനീചത്വങ്ങളും. 'ആട്ടിന്മേൽ ആട്ടം പലകമേൽപ്പലകയും' ഒക്കെയായി, വി. ടി. യുടെ ഭാഷയിൽ 'കടിച്ചാൽ വിഷമിറങ്ങാത്ത' ആഢ്യന്മാർമുതൽ ഉൾനാടുകളിലെ ക്ഷേത്രങ്ങളിൽ ശാന്തിയും സമ്പന്ന കുടുംബങ്ങളിൽ ദേഹണ്ഡവുമായി കഴിയുന്ന അറുപാവങ്ങൾവരെ ആ സമുദായത്തിൽ ഉൾപ്പെട്ടിരുന്നു. നമ്പൂതിരി സമൂഹത്തെ ആധുനികീകരിക്കുന്നതിനുവേണ്ടി കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിന്റെയും മററും നേതൃത്വത്തിൽ ആരംഭിച്ച യോഗക്ഷേമ സഭ, അവരിൽ മേലേക്കിടയിലുള്ളവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസവും ആധുനിക വ്യവസായങ്ങളിൽ താല്പര്യവും ഉളവാക്കുന്നതിന് ഒട്ടൊക്കെ ഉപകരിച്ചിരുന്നുവെങ്കിലും, ആചാരപ്രധാനമായ കേരളീയ സാമൂഹ്യഘടനയിൽ നമ്പൂതിരിമാർക്ക് പാരമ്പര്യമായി സി